പുഴയുടെ തീരത്ത് നിൽക്കുകയാണ്. മാത്രമല്ല ഒന്നാം ഘട്ടം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഇതുവരെ അവ പൂർത്തീകരിച്ചിട്ടില്ല. അനുവദിച്ച ഫണ്ടിന്റെ ഭൂരിഭാഗവും കമ്പനിക്ക് ബില്ലായി മാറിക്കൊടുത്തു എന്ന ആക്ഷേപം ഉയർന്നുവന്നിരിക്കുകയാണ്. പണി പൂർത്തീകരിക്കുന്നതിനുമുൻപ് പണംകൊടുത്തു എന്ന ആക്ഷേപമാണ് ഉയർന്നുവന്നിരിക്കുന്നത്. ഇതിന്റെ നിജസ്ഥിതി വിശദമാക്കണം. ടെണ്ടറെടുത്ത പ്രസ്തുത റീച്ചിന്റെ പൂർത്തീകരണത്തിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കണം. അടിയന്തരമായി പ്രസ്തുത റീച്ച് പൂർത്തിയാക്കാൻവേണ്ട നടപടികൾ സ്വീകരിക്കണം. ചമ്രവട്ടം പാലം, കാർഗോ പോർട്ട് എന്നിവയുമായി ബന്ധപ്പെട്ട് ഗതാഗതക്കുരുക്കിലമർന്ന പൊന്നാനിയുടെ ഗതാഗത പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകുന്ന പ്രസ്തുത പദ്ധതിക്ക് ആവശ്യമുള്ള ബാക്കി തുക കൂടി അനുവദിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന്. ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പൊന്നാനി മണ്ഡലത്തിലെ കർമ്മ ബൈപ്പാസിന്റെ ഒന്നാംഘട്ട നിർമ്മാണത്തിന് 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ എഗ്രിമെന്റ് തുക 16.71 കോടി രൂപയാണ്. 2011-ൽ നിർമ്മാണം ആരംഭിച്ച ഈ പ്രവൃത്തിയുടെ 80 ശതമാനത്തോളം പണി പൂർത്തീകരിച്ചിട്ടുണ്ട്. പണി സുഗമമായി മുന്നോട്ട് നീങ്ങുന്നതിന് നിർമ്മാണ സാമഗ്രികളുടെ അഭാവം തടസ്സം സൃഷ്ടിക്കുന്നതായി കരാറുകാരൻ അറിയിച്ചിട്ടുണ്ട്. ഇതേവരെ 12.7 കോടി രൂപ കമ്പനിക്ക് നൽകിയിട്ടുണ്ട്. കർമ്മ ബൈപ്പാസ് രണ്ടാംഘട്ട പ്രവൃത്തിക്കായി 34 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇതിനുള്ള ഭരണാനുമതി നൽകുന്നതാണ്.

(31) എൻ.എച്ച്. റോഡിന്റെ പ്രവൃത്തി

ശ്രീ. എം. പി. വിൻസെന്റ്: സർ, എൻ. എച്ച്. 47-ലെ മണ്ണുത്തി മുതൽ വടക്കുംചേരി വരെയുള്ള ഹൈവേയുടെ പണി ആരംഭിക്കാത്ത വിഷയം പലപ്രാവശ്യം ഞാൻ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഇതിന്റെ പണി തുടങ്ങിയിട്ട് വർഷങ്ങളായെങ്കിലും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. അതിനുശേഷം തുടങ്ങിയ വടക്കുംചേരി മുതൽ വാളയാർ വരെയുള്ള റോഡ് പൂർത്തീകരിച്ചു. ഈ റോഡിന്റെ ഗതികേട് എന്നു പറയുന്നത്, ഇപ്പോൾ ശബരിമല സീസൺ കൂടിയായതിനാൽ വളരെയധികം ആളുകൾ യാത്രചെയ്യുന്ന ഈ റോഡിൽ ഒരു മഴ പെയ്താൽ വലിയ ഗതാഗതക്കുരുക്ക് ഉണ്ടാകുകയാണ്. അതുപോലെതന്നെ കുതിരാനിൽ വളരെയധികം അപകടങ്ങൾ ഉണ്ടാകുന്നു. അപകടത്തിൽപ്പെട്ട് കുടുംബാംഗങ്ങൾ കൂട്ടത്തോടെ

LIBRARY ARCHIVES Kerala Legislative Assembly

മരിച്ച പല സംഭവങ്ങളും ഉണ്ടായി. കുതിരാനിൽ തുരങ്കം പണി ഇതുവരെ ആരംഭിച്ചിട്ടില്ല. ആവശ്യമായ മുഴുവൻ സ്ഥലവും 2012-ൽ ഏറ്റെടുത്തതാണ്. കഴിഞ്ഞവർഷം 19.50 കോടി രൂപ ചെലവിട്ട് ടാർ ചെയ്ത റോഡ് പൊട്ടിപ്പൊളിഞ്ഞ് നിറയെ കുഴികളായിരിക്കുകയാണ്. ഇപ്പോൾ കുഴികൾ അടയ്ക്കാൻ നടപടി സ്വീകരിച്ചുവെങ്കിലും ശാശ്വതമായ ഒരു പരിഹാരം ഉണ്ടാകുന്നില്ല. കേരളത്തിൽ 60 മീറ്റർ വീതിയിൽ റോഡിന് സ്ഥലം വിട്ടുകൊടുത്ത ഒരേയൊരു പ്രദേശമാണ് അവിടം. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് റോഡുപണി ഉടൻ ആരംഭിക്കണമെന്നും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പ് ലഭിക്കണമെന്നുമാണ് ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, എൻ.എച്ച്. 47-ൽ മണ്ണുത്തി മുതൽ വടക്കുംചേരി വരെയുള്ള ഭാഗം ആറുവരിപ്പാതയായി വികസിപ്പിക്കുന്നതിന് തൃശ്ശൂർ എക്സ്പ്രസ്സ് വേ ലിമിറ്റഡ് എന്ന കൺസഷണയർ കമ്പനിയെ 24-08-2009-ൽ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പദ്ധതി ബാധിതരുടെ പലവിധ എതിർപ്പുകൾ കാരണം പ്രവൃത്തി മുന്നോട്ടുപോയില്ല. തുടർന്ന് പ്രോജക്ട് തുടങ്ങുന്നതിനുള്ള സമയം 15-9-2012 ആയും പൂർത്തിയാക്കുന്നതിനുള്ള സമയം 14-3-2015 ആയും പുനർനിശ്ചയിക്കുകയുണ്ടായി. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം 15-9-2012 -ൽ കൺസ്ട്രക്ഷൻ കമ്പനിക്ക് പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞില്ല. 7-10-2014 -ൽ പണി ആരംഭിച്ച് നല്ല രീതിയിൽ പുരോഗമിക്കുന്നതായി ദേശീയ പാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. 2017 മാർച്ചോടുകൂടി പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിലുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ദേശീയപാതാ അതോറിറ്റി 1.04 കോടി രൂപയും പൊതുമരാമത്ത് വകുപ്പ് 19.19 കോടി രൂപയും ചെലവാക്കി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കഴിഞ്ഞ മഴക്കാലത്ത് പോട്ട്ഹോൾസ് ഉണ്ടായ ഭാഗങ്ങളിൽ കൺസഷണയർ കമ്പനി അറ്റകുറ്റപ്പണികൾ ചെയ്യുന്നതാണ്. 6 വരിപ്പാത പൂർത്തിയാക്കുന്നതുവരെ നിലവിലുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ കൺസ്ട്രക്ഷൻ കമ്പനിതന്നെ ചെയ്യുന്നതാണ്. അതിന് അവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(32) കോമളം-അഗസ്തിക്കോട്-വടമൺ-ഏറം-റോഡിന്റെ ശോച്യാവസ്ഥ

ശ്രീ. കെ.രാജു: സർ, എന്റെ മണ്ഡലത്തിലെ കോമളം-അഗസ്തിക്കോട്-വടമൺ-ഏറം-റോഡിലെ ഒരു കലുങ്ക് കഴിഞ്ഞ മഴയത്ത് ഒലിച്ചുപോയി. അതുകാരണം അവിടെ വാഹനഗതാഗതം നിരോധിച്ചിരിക്കുകയാണ്. പി.ഡബ്ല്യു.ഡി. "പാലം അപകടത്തിൽ" എന്ന ഒരു ബോർഡ് വയ്ക്കുകമാത്രമേ അവിടെ ചെയ്തിട്ടുള്ളൂ. ആ കലുങ്ക് പുതുക്കിപ്പണിയുന്നതിന് 15 ലക്ഷം രൂപ അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly